# നിയമ വ്യവസ്ഥകൾ പാലിക്കാതെ നടത്തിയ വിഹിത നിർണ്ണയ അന്വേഷണവും മുന്നറിയിപ്പില്ലാതെ ബേങ്ക് എക്കൗണ്ട് ജപ്തി ചെയ്തതും റദ്ദാക്കി

**കൽക്കട്ട ഹൈക്കോടതി**

W.P. No. 29341/2014 Dt. 20.8.2019

ഷിയോങ് ഷി താന്നെറി

x

റീജണൽ പ്രോവിഡന്റ് ഫണ്ട് കമ്മീഷണർ

തുകൽ നിർമ്മാണത്തിലേർപ്പെട്ടിരിക്കുന്ന ഫാക്ടറിയിൽ ഇരുപതിൽ താഴെ തൊഴിലാളികളാണ് ജോലി ചെയ്യുന്നത്. അതിനാൽ സ്ഥാപനത്തിന് ഇ.പി.എഫ്. നിയമം ബാധകമല്ല. എന്നാൽ ഫാക്ടറിയിലെ ഭൂരിഭാഗം ജോലികളും കരാർ തൊഴിലാളികൾ ഫാക്ടറിക്കു പുറത്തുവച്ചാണ് ചെയ്യുന്നത്. ജോലികൾ ഏറ്റെടുത്ത കരാറുകാരന് ഇ.പി.എഫ്. നിയമം ബാധകമാണ്. അയാൾക്ക് പി.എഫ്. കോഡ് നമ്പറും നല്കപ്പെട്ടിട്ടുണ്ട്. അപ്രകാരമിരിക്കെ സ്ഥാപനത്തിന്റെ വിഹിതം നർണ്ണയിക്കുന്നതിനുള്ള അന്വേഷണം ഇ.പി.എഫ്. കമ്മീഷണർ ആരംഭിച്ചു. 2001-2005 കാലയളവിലെ വിഹിതം നിർണ്ണയിക്കുന്നതിനുള്ള അന്വേഷണമാണ് ആരംഭിച്ചത്. നാല് തവണ വിചാരണ നടത്തിയതിനു ശേഷം 20.9.2005-ലേക്ക് വിചാരണ നീട്ടിവച്ചു. പിന്നീട് വിചാരണ നടന്നില്ല. സ്ഥാപനം ഉന്നയിച്ച തടസ്സവാദങ്ങൾ സംബന്ധിച്ച് വിശദീകരണം കേൾക്കണമെന്ന് ആവശ്യപ്പെട്ട് സ്ഥാപനം ഇ.പി.എഫ്. കമ്മീഷണർക്ക് അപേക്ഷ സമർപ്പിച്ചെങ്കിലും യാതൊരു നടപടിയുമുണ്ടായില്ല. ആറ് വർഷങ്ങൾക്കു ശേഷം 2011 ജനുവരിയിൽ ഇ.പി.എഫ്. കമ്മീഷണർ സ്ഥാപനത്തിന് പുതുതായി നോട്ടീസയച്ചു. 2001-2005 കാലയളവിലെ വിഹിതം നർണ്ണയിക്കുന്നതിനുള്ള അന്വേഷണം നടത്തുന്നതു സംബന്ധിച്ച അറിയിപ്പാണ് ഇ.പി.എഫ്. കമ്മീഷണർ നല്കിയത്. ആറ് വർഷം മുമ്പ് അകാല ചരമമടഞ്ഞ അന്വേഷണം പുനരെടുക്കാനാവില്ലെന്ന് സ്ഥാപനം ഇ.പി.എഫ്. അധികൃതരെ അറിയിച്ചു. അത് അവഗണിച്ച കമ്മീഷണർ അന്വേഷണം പൂർത്തിയാക്കി. അഞ്ചര ലക്ഷത്തിലധികം രൂപ വിഹിതമായി അടയ്ക്കണമെന്ന് കമ്മീഷണർ ഉത്തരവിട്ടു. സ്ഥാപനം ഇതിനോട് പ്രതികരിച്ചില്ല. തമാസിയാതെ യാതൊരു മുന്നറിയിപ്പും കൂടാതെ ഇ.പി.എഫ്. കമ്മീഷണർ സ്ഥാപനത്തിന്റെ ബേങ്ക് എക്കൗണ്ടിൽ നിന്ന് അഞ്ചര ലക്ഷത്തിലധികം രൂപ ജപ്തി ചെയ്തെടുത്തു. ഇതിനെതിരെ സ്ഥാപനം ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. തങ്ങളുടെ സ്ഥാപനത്തിന് ഇ.പി.എഫ്. നിയമം ബാധകമല്ലാതിരിക്കെ കരാറുകാരന്റെ ബാധ്യത തീർക്കുന്നതിനു വേണ്ടി തങ്ങളുടെ ബേങ്ക് എക്കൗണ്ട് മുന്നറിയിപ്പില്ലാതെ ജപ്തി ചെയ്തത് നിയമവിരുദ്ധമാണെന്ന് മേനേജ്മെന്റ് വാദിച്ചു. 2005-ൽ അവസാനിപ്പിച്ച അന്വേഷണം ആറ് വർഷങ്ങൾക്കു ശേഷം പുനരെടുത്തതും നിയമവിരുദ്ധമാണെന്ന് മേനേജ്മെന്റ് ബോധിപ്പിച്ചു. കോഡ് നമ്പറുള്ള കരാറുകാരനെ വിളിച്ചുവരുത്തി തെളിവെടുക്കാതെയും തൊഴിലാളികളെ തിരിച്ചറിയാതെയും വിഹിതം നിർണ്ണയിച്ചത് തെറ്റും അന്യായവുമാണെന്ന് മേനേജ്മെന്റ് ചൂണ്ടിക്കാട്ടി. നിയമപ്രകാരം വിചാരണ നടത്താതെയും ആവശ്യമായ തെളിവ് ശേഖരിക്കാതെയും ഏകപക്ഷീയമായി വിഹിതം നിർണ്ണയിച്ചത് ശരിയായ നടപടിയല്ലെന്ന് ഹൈക്കോടതി നിരീക്ഷിച്ചു. മുന്നറിയിപ്പില്ലാതെ ബേങ്ക് എക്കൗണ്ട് ജപ്തി ചെയ്തത് നിയമത്തിന്റെ പിൻബലമില്ലാത്ത നടപടിയാണെന്നും ഹൈക്കോടതി ഓർമ്മിപ്പിച്ചു. സ്ഥാപനത്തിന്റെ വിഹിതം നിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ട് ഇ.പി.എഫ്. കമ്മീഷണർ സ്വീകരിച്ച നടപടികളെല്ലാം നിയമവിരുദ്ധവും ന്യായീകരിക്കാനാവാത്തതുമാണെന്ന് വിലയിരുത്തിയ ഹൈക്കോടതി ഇ.പി.എഫ്. കമ്മീഷണറുടെ ഉത്തരവുകൾ റദ്ദാക്കുകയും പിടിച്ചെടുത്ത പണം മുഴുവനും പലിശ സഹിതം ഒന്നര മാസത്തിനുള്ളിൽ സ്ഥാപനത്തിന് തിരിച്ചുകൊടുക്കണമെന്ന് ഉത്തരവിടുകയും ചെയ്തു.